**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4939** **01-11-2021 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് അതിഥി തൊഴിലാളികൾക്ക് നൽകേണ്ട താമസസൗകര്യം, ഭക്ഷണം, വേതനം, ആരോഗ്യ സുരക്ഷ എന്നിവ സംബന്ധിച്ച് 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ക്ഷേമപദ്ധതികൾ എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനാ വേളയിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഒരേ തൊഴിലിൽ ഏർപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും തുല്യ വേതനത്തിന് അർഹതയുണ്ട്. മിനിമം വേതനം ലഭ്യമാകുന്നില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ ലേബർ ഓഫീസർമാർ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന കാൾസെന്റർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, കാസറഗോഡ് ജില്ലകളിലെ ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവിടങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ പരാതികൾ കേൾക്കുവാനും പരിഹരിക്കുവാനുമുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. ഇത്തരം സെന്ററുകളിൽ വിവിധ ഭാഷകൾ കൈകാര്യം ചെയ്യുവാൻ കഴിയുന്നവരെയാണ് നിയമിച്ചിരിക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസുകളും നടത്തി വരുന്നുണ്ട്. തൊഴിൽ ചൂഷണങ്ങൾക്കെതിരെ ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവത്കരണം നടത്തുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും |

| | | | |
|---|---|---|---|
| | | | തിരച്ചറിയൽ കാർഡും, ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച പദ്ധതിയാണ് ആവാസ് പദ്ധതി. കൂടാതെ 2010-ലെ കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതിയും നിലവിലുണ്ട്. 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് അതിഥി തൊഴിലാളികൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്നിട്ടുള്ള പാർപ്പിട പദ്ധതിയാണ് 'ആലയ്'. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിലൊന്നാണ് 'അപ്നാഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള മാതൃക പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് എത്തുന്ന അതിഥി തൊഴിലാളികളുടെ എണ്ണം എത്രയെന്ന് നിശ്ചയിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 27.10.2016 തീയതിയിലെ സ.ഉ.(സാധാ)നം.1325/16/തൊഴിൽ പ്രകാരം ആവാസ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 01/11/2017 മുതലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. 21/10/2021 തീയതി വരെ 5,09,865 ഇതര സംസ്ഥാന തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ 2020 ലോക്ഡൗണിന് ശേഷം സംസ്ഥാനത്തേയ്ക്ക് തിരികെ വരുന്ന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിന് ഒരു പോർട്ടൽ/ മൊബൈൽ ആപ്ലിക്കേഷൻ (അതിഥി ആപ്പ്) നടപ്പിലാക്കുന്നതിന് തൊഴിൽ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അതിഥി ആപ്പിന്റെ പോർട്ടലിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിനു മുമ്പ് തന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ വകുപ്പിൽ ലഭ്യമാക്കുവാനും സഹായകമാകും. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുവാനും ഇതുവഴി സാധിക്കും. |

സെക്ഷൻ ഓഫീസർ